REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 16-08-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- മൂന്നാമത് ഗ്ലോബൽ സൗത്ത് ഉച്ചകോടിക്ക് ഇന്ന് തുടക്കമാകും.
- കൊല്ലത്തെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് കേസുകൾ പരിഗണിക്കുന്ന പ്രത്യേക ഡിജിറ്റൽ കോടതി സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഡോ. D.Yചന്ദ്രചൂഡ് ഇന്ന് ഹൈക്കോടതിയിൽ ഉദ്ഘാടനം ചെയ്യും.
- തദ്ദേശ അദാലത്തിന്റെ സംസ്ഥാനതല ചടങ്ങ് രാവിലെ എറണാകുളം ടൗൺഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.
- സംസ്ഥാന ചലച്ചിത്ര അവാർഡുകൾ ഉച്ചയ്ക്ക് 12-ന് തിരുവനന്തപുരത്ത് മന്ത്രി സജി ചെറിയാൻ പ്രഖ്യാപിക്കും.
- സംസ്ഥാനത്ത് തിങ്കളാഴ്ച വരെ ഇടിയോടുകൂടിയ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

## വാർത്തകൾ വിശദമായി

**മൂന്നാമത് ഗ്ലോബൽ സൗത്ത് ഉച്ചകോടിക്ക് ഇന്ന് തുടക്കമാകും. വെർച്വലായി സംഘടിപ്പിക്കുന്ന ഉച്ചകോടിയിൽ വിവിധ രാജ്യങ്ങളിലെ പ്രതിനിധികളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംവദിക്കും. വികസ്വര രാജ്യങ്ങൾക്കിടയിലെ, സുസ്ഥിര വികസനത്തിന്, ആശയവിനിമയവും സഹകരണവും മെച്ചപ്പെടുത്തുക എന്നതാണ് ഉച്ചകോടിയുടെ ലക്ഷ്യമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. രാജ്യങ്ങൾക്കിടയിലെ സംഘർഷങ്ങൾ, വികസന വെല്ലുവിളികൾ , കാലാവസ്ഥാ വ്യതിയാനം,**

ഭക്ഷ്യ -ഊർജ്ജ രംഗത്തെ സുരക്ഷ തുടങ്ങിയ വിഷയങ്ങൾ ഉച്ചകോടി പരിഗണിക്കും.

✪✪✪

കൊല്ലത്തെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് കേസുകൾ പരിഗണിക്കുന്ന പ്രത്യേക ഡിജിറ്റൽ കോടതി സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഡോ. D.Yചന്ദ്രചൂഡ് ഇന്ന് ഹൈക്കോടതിയിൽ ഉദ്ഘാടനം ചെയ്യും. രാജ്യത്ത് ആദ്യമായാണ് ഇത്തരമൊരു സംവിധാനം. ഇതോടൊപ്പം മാതൃകാ ഡിജിറ്റൽ കോടതിയുടെ പ്രഖ്യാപനവും ചീഫ് ജസ്റ്റിസ് നിർവഹിക്കും. ഓൺലൈനിലൂടെ തർക്കങ്ങൾ പരിഹരിക്കുന്ന We Solve Virtual Solution Maker സംവിധാനവും സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഉദ്ഘാടനം ചെയ്യും.

കൂടാതെ പഴയ ഹൈക്കോടതി മന്ദിരമായ റാം മോഹൻ പാലസിന്റെ പുനരുദ്ധാരണ പദ്ധതിയും, ഡിജിറ്റൽ ലൈബ്രറി റിസർച്ച് സെൻറർ, കേരള ജുഡീഷ്യൽ അക്കാദമിയുടെ ലേണിംഗ് മാനേജ്മെൻറ് സിസ്റ്റം എന്നിവയും അദ്ദേഹം ഉദ്ഘാടനം ചെയ്യും.

പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരായ അതിക്രമങ്ങൾ തടയുന്ന നിയമപ്രകാരം എറണാകുളത്ത് സ്ഥാപിച്ച പ്രത്യേക കോടതി, ആലപ്പുഴയിലെ BUDS പ്രത്യേക കോടതി എന്നിവ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

✪✪✪

കോമൺവെൽത്ത് ലീഗൽ എജ്യൂക്കേഷൻ അസോസിയേഷന്റെ ത്രിദിന അന്താരാഷ്ട്ര സെമിനാർ കുമരകത്ത് രാവിലെ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഡോ. D.Y ചന്ദ്രചൂഡും, സീ ഷെൽസ് ചീഫ് ജസ്റ്റിസ് റോണി ഗോവിന്ദനും ചേർന്ന് ഉദ്ഘാടനം ചെയ്യും. "നിയമവും ടെക്നോളജിയും : സുസ്ഥിര ഗതാഗത, ടൂറിസം രംഗവും, സാങ്കേതിക മാറ്റങ്ങളും" എന്ന വിഷയത്തിലാണ് സെമിനാർ.

സുപ്രീംകോടതിയിലെ പത്ത് ജഡ്ജിമാരും, ഹൈക്കോടതികളിലെ 26 ജഡ്ജിമാരും, അറ്റോണി ജനറൽമാർ, നിയമപണ്ഡിതർ തുടങ്ങിയവരും സെമിനാറിൽ പങ്കെടുക്കും. മലേഷ്യ, സി ഷെൽസ്, നേപ്പാൾ, ഫിജി എന്നീ രാജ്യങ്ങളിലെ ജഡ്ജിമാരും, രാജ്യത്തെ നിയമ സർവ്വകലാശാലാ വൈസ് ചാൻസിലർമാരും,സാങ്കേതിക വിദഗ്ധരും സെമിനാറിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

**ISRO യുടെ ഭൗമ നിരീക്ഷണ ഉപഗ്രഹം EOS - 8 രാവിലെ 9.17 ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ കേന്ദ്രത്തിൽ നിന്ന് വിക്ഷേപിക്കും. S S L V റോക്കറ്റാണ് ഉപഗ്രഹത്തെ വഹിക്കുന്നത്. S S L V യുടെ മൂന്നാം പരീക്ഷണ വിക്ഷേപണമാണിത്.**

**✪✪✪**

**പ്രശസ്ത മിസൈൽ ശാസ്ത്രജ്ഞൻ ഡോ. രാം നരേൻ അഗർവാൾ അന്തരിച്ചു. അഗ്നിമിസൈലിന്റെ വികസനത്തിൽ നിർണായക പങ്കു വഹിച്ച അദ്ദേഹത്തെ രാഷ്ട്രം, പത്മശ്രീ, പത്മഭൂഷൺ ബഹുമതികൾ നൽകി ആദരിച്ചിട്ടുണ്ട്.**

**✪✪✪**

**വയനാട് ചൂരൽമല മുണ്ടക്കൈ മേഖലയിൽ ഉരുൾപൊട്ടലുണ്ടായ സ്ഥലങ്ങളും ചാലിയാറും കേന്ദ്രീകരിച്ച് ഇന്നും കൂടുതൽ തിരച്ചിൽ നടത്തും. ദുരന്തത്തിൽ കാണാതായ 118 പേരെ ഇനിയും കണ്ടെത്താനായിട്ടില്ല.**

**ഡെസ്ക് റിപ്പോർട്ട് ................**

**ദുരന്തപ്രദേശങ്ങളിലും ചാലിയാർ കേന്ദ്രീകരിച്ചും ഇന്നലെ തിരച്ചിൽ നടത്തിയെങ്കിലും ശരീരാവശിഷ്ടങ്ങൾ ഒന്നും കണ്ടെത്താനായിട്ടില്ല. പ്രദേശത്ത് ഇന്നലെ വിദഗ്ധസമിതിയുടെ നേതൃത്വത്തിൽ പരിശോധന നടത്തിയിരുന്നു. ഉരുൾപൊട്ടലിന്റെ പ്രഭവകേന്ദ്രമായ പുഞ്ചിരിമട്ടം വാസയോഗ്യമല്ല എന്നാണ് വിദഗ്ധ സംഘത്തിന്റെ കണ്ടെത്തൽ. ഇനിയും അവിടെ ഉരുൾപൊട്ടലിന് സാധ്യതയുണ്ടെന്നും വിദഗ്ധ സമിതി മുന്നറിയിപ്പ് നൽകി.**

**ഒഴുകിവന്ന മണ്ണ് കൂടി കിടക്കുന്ന ഭാഗങ്ങൾ കേന്ദ്രീകരിച്ചായിരിക്കും ഇന്ന് മുതൽ പ്രധാനമായും തിരച്ചിൽ നടത്തുക. ഉൾവനത്തിലും പാറക്കരികിലും തിരച്ചിൽ നടത്തും. ഇതിനായി കഡാവർ നായ്ക്കളെയും ഉപയോഗിക്കും. ഇരുട്ടുകുത്തി മുതൽ പരപ്പൻപാറ വരെ ഭാഗങ്ങളിലാണ് തിരച്ചിൽ.**

**ഉരുൾപൊട്ടൽ മേഖലയിലേക്ക് അനാവശ്യ സന്ദർശനം ഒഴിവാക്കണമെന്ന് അധികൃതർ ആവശ്യപ്പെട്ടിട്ടുണ്ട്.**

**✪✪✪**

വയനാട് ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ടവരുടെ താത്ക്കാലിക പുനരധിവാസത്തിന്, വീട് നൽകാൻ സന്നദ്ധരായവർ വിവരം നൽകണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. ഉരുൾപൊട്ടലിൽ ബാങ്കുമായി ബന്ധപ്പെട്ട രേഖകൾ നഷ്ടപ്പെട്ടവർക്ക് അവ ലഭ്യമാക്കാൻ മേപ്പാടി ഗവ ഹയർസെക്കൻഡറി സ്കൂളിൽ ഇന്ന് അദാലത്ത് സംഘടിപ്പിക്കും.

✪✪✪

കോഴിക്കോട് വിലങ്ങാട് ഉരുൾപൊട്ടലിൽ രേഖകൾ നഷ്ടപ്പെട്ടവർക്കായി പ്രത്യേക അദാലത്ത് രാവിലെ വിലങ്ങാട് സെന്റ് ജോർജ് ഹൈസ്കൂളിൽ ആരംഭിക്കും. വിവിധ വകുപ്പുകളുടെ 12 ലേറെ കൗണ്ടറുകൾ അദാലത്തിലുണ്ടാകും. റേഷൻ കാർഡ്, വോട്ടർ ഐഡി, ആധാർ കാർഡ്, RC ബുക്ക്, ബാങ്ക് പാസ് ബുക്ക്, ഭൂ രേഖകൾ, ജനന/മരണ/വിവാഹ സർട്ടിഫിക്കറ്റ്, മറ്റ് റവന്യു രേഖകൾ, കൃഷി സംബന്ധമായ രേഖകൾ എന്നിവ അദാലത്തിൽ ലഭ്യമാക്കും.

✪✪✪

വയനാട്ടിലെ പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് സംസ്ഥാന സ്വകാര്യ ബസ് ഉടമകളുടെ സംഘടന 25 വീടുകൾ നിർമ്മിച്ചു നൽകുന്നതിലേക്കായി കണ്ണൂർ ജില്ലയിലെ മുഴുവൻ സ്വകാര്യ ബസ്സുകളും നാളെ കാരുണ്യ യാത്ര നടത്തും. ബസ്സുടമകളും തൊഴിലാളികളും യാത്രക്കാരും സഹകരിക്കണമെന്ന് ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ ഭാരവാഹികൾ അറിയിച്ചു.

✪✪✪

വിലങ്ങാട് പുനരധിവാസ പ്രവർത്തനങ്ങളിൽ മുസ്ലീം ലീഗ് എല്ലാ തരത്തിലും സഹകരിക്കുമെന്ന് ദേശീയ ജനറൽ സെക്രട്ടറി PK കുഞ്ഞാലിക്കുട്ടി അറിയിച്ചു. പുനരധിവാസത്തിൽ ഏകോപനം ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. മുസ്ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾക്കൊപ്പം വിലങ്ങാട് മേഖല സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു കുഞ്ഞാലിക്കുട്ടി.

✪✪✪

പാലക്കാട് - തിരുനൽവേലി പാലരുവി എക്സ്പ്രസ്സ് തൂത്തുക്കുടിയിലേക്ക് സർവീസ് നീട്ടുന്നതിന്റെയും ഹൗറാ - എറണാകുളം - ഹൗറാ അന്ത്യോദയ എക്സ്പ്രെസ്സിന് ആലുവയിൽ

**സ്റ്റോപ്പ് അനുവദിക്കുന്നതിന്റെയും ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പാലക്കാട്ട് നിർവഹിച്ചു. ചടങ്ങിൽ ഡിവിഷണൽ റെയിൽവേ മാനേജർ അരുൺ കുമാർ ചതുർവേദി ഉൾപ്പെടെ ഉദ്യോഗസ്ഥരും പങ്കെടുത്തു.**

**പാലരുവി എക്സ്പ്രെസ്സിന് അധികമായി മൂന്ന് സെക്കന്റ് ക്ലാസ് ജനറൽ കോച്ചുകളും, ഒരു സ്ലീപ്പർ കോച്ചും അനുവദിച്ചിട്ടുണ്ട്.**

✪✪✪

**കൊൽക്കത്തയിലെ വനിതാ ഡോക്ടറെ ബലാത്സംഗം ചെയ്ത ശേഷം കൊലപ്പെടുത്തിയ സംഭവത്തിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ നാളെ പ്രതിഷേധ സമരം നടത്തും. ആശുപത്രികളിലെ അവശ്യസേവനങ്ങളൊഴികെ മറ്റു പ്രവർത്തനങ്ങൾ നിർത്തിവെച്ചാണ് 24 മണിക്കൂർ പ്രതിഷേധത്തിന് IMA ആഹ്വാനം നൽകിയത്.**

**കേരളത്തിലെ മെഡിക്കൽ കോളജുകളിൽ ഡോക്ടർമാർ ഇന്ന് കരിദിനം ആചരിക്കും. PG ഡോക്ടർമാരും സീനിയർ റസിഡന്റ് ഡോക്ടർമാരും OP, വാർഡ് ഡ്യൂട്ടി എന്നിവ ബഹിഷ്ക്കരിക്കുമെന്ന് KGMOA അറിയിച്ചു. എന്നാൽ അത്യാഹിത വിഭാഗങ്ങൾ പ്രവർത്തിക്കും.**

✪✪✪

**സംസ്ഥാന ചലച്ചിത്ര അവാർഡുകൾ ഉച്ചയ്ക്ക് 12-ന് തിരുവനന്തപുരത്ത് മന്ത്രി സജി ചെറിയാൻ പ്രഖ്യാപിക്കും. രണ്ട് ഘട്ടങ്ങളായി നടത്തിയ സ്ക്രീനിംഗിൽ പരിഗണിച്ച 160 ചിത്രങ്ങളിൽ നിന്നാണ് പുരസ്കാര ജേതാക്കളെ കണ്ടെത്തുന്നത്. സുധീർമിശ്ര അധ്യക്ഷനായ ജൂറിയിൽ, സംവിധായകരായ പ്രിയനന്ദൻ, ലിജോജോസ് പല്ലിശേരി, എഴുത്തുകാരൻ N.S മാധവൻ, ഛായാഗ്രാഹകൻ അഴകപ്പൻ എന്നിവർ അംഗങ്ങളാണ്.**

**2022 ലെ ദേശീയ ചലച്ചിത്ര അവാർഡുകളും ഇന്ന് പ്രഖ്യാപിക്കും. ഉച്ചകഴിഞ്ഞ് ന്യൂഡൽഹിയിലാണ് 70-ാമത് ദേശീയ ചലച്ചിത്ര അവാർഡ് പ്രഖ്യാപനം.**

✪✪✪

**സംസ്ഥാന ഗവണ്മെന്റിന്റെ നാലാം നൂറു ദിന പരിപാടിയിൽ തദ്ദേശ അദാലത്തിന്റെ സംസ്ഥാനതല പരിപാടി രാവിലെ എറണാകുളം ടൗൺഹാളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അപേക്ഷ നൽകിയതും**

സമയപരിധിക്കകം സേവനം ലഭിക്കാത്തതുമായ പരാതികളും പുതിയ പരാതികളും അദാലത്തിൽ പരിഗണിക്കുമെന്ന് അധികൃതർ അറിയിച്ചു.

എറണാകുളം ജില്ലാ-നഗരസഭാ തല അദാലത്തുകൾ ഇന്നും, കൊച്ചി കോർപ്പറേഷൻതല അദാലത്ത് നാളെയുമായിരിക്കും.

✪✪✪

സംസ്ഥാനതല കർഷക ദിനാഘോഷം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. കാർഷിക സേവനങ്ങൾക്ക് ഏകജാലക സംവിധാനമായ കതിർ ആപ്പും മുഖ്യമന്ത്രി പുറത്തിറക്കും. കർഷക അവാർഡുകളും ചടങ്ങിൽ വിതരണം ചെയ്യും.

✪✪✪

കർണ്ണാടകയിലെ ഷിരൂരിൽ കാണാതായ കോഴിക്കോട്ടെ അർജുനെ കണ്ടെത്താൻ ഇന്നും ഗംഗാവലിപ്പുഴയിൽ തിരച്ചിൽ നടത്തും. പ്രാദേശിക മുങ്ങൽ വിദഗ്ധൻ ഈശ്വർ മാൽപ്പെയും സംഘവുമാണ് തിരച്ചിൽ നടത്തുന്നത്. ദക്ഷിണ കന്നഡ ജില്ലാ ഭരണ കൂടത്തിന്റെ അനുമതി ലഭിച്ചാൽ നേവിയുടെ സംഘവും തെരച്ചിലിൽ പങ്കാളികളാകും. അർജുനെ കാണാതായിട്ട് ഇന്ന് ഒരു മാസം പൂർത്തിയായി.

✪✪✪

ഉഡുപ്പി - കാസർഗോഡ് , കരിന്തളം - വയനാട് 400 KV ലൈൻ നിർമാണവും കരിന്തളം 400 KV സബ്സ്റ്റേഷൻ നിർമ്മാണവും ഈ ഭരണ കാലത്തു തന്നെ പൂർത്തിയാക്കുമെന്ന് മന്ത്രി K. കൃഷ്ണൻകുട്ടി കാസർകോട്ട് പറഞ്ഞു. പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിലെ തർക്ക പരിഹാരത്തിന് KSEB തീരുമാനിച്ചിട്ടുണ്ട്. വൈദ്യുതി മേഖലയുടെ കുതിപ്പിന് മുതൽക്കൂട്ടാകുന്ന പദ്ധതി സമവായത്തിലൂടെ മുന്നോട്ടു കൊണ്ടുപോകുമെന്ന് മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് തിങ്കളാഴ്ച വരെ ഇടിയോടുകൂടിയ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ചില സ്ഥലങ്ങളിൽ 30 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്. ശക്തമായ മഴ സാധ്യത

കണക്കിലെടുത്ത് ഇന്ന് പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റ് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയും നൽകി.

കേരള- ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെയും കർണാടക തീരത്ത് ഇന്നും 35 മുതൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് നിർദ്ദേശം നൽകി.

✪✪✪

കാർഷിക സംരംഭങ്ങളെയും കൂട്ടായ്മകളെയും ഒരു കുടക്കീഴിൽ അണിനിരത്താൻ ലക്ഷ്യമിട്ട് കൃഷി വകുപ്പിന്റെ കാബ്കോ എക്സ്പോ സെന്ററിന് മന്ത്രി P പ്രസാദ് നാളെ തിരുവനന്തപുരത്ത് തറക്കല്ലിടും. ആനയറ വേൾഡ് മാർക്കറ്റ് പരിസരത്ത് സജ്ജമാക്കുന്ന 65,000 ചതുരശ്ര അടി എക്സിബിഷൻ സെന്ററിൽ, കൺവെൻഷനുകൾ, ട്രേഡ് ഷോകൾ എന്നിവ സംഘടിപ്പിക്കാനും സൗകര്യമുണ്ട്.

✪✪✪

ചിങ്ങമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട ഇന്ന് വൈകിട്ട് തുറക്കും. ഇന്ന് പൂജകൾ ഉണ്ടാകില്ല. നാളെ മുതൽ 21 വരെ, വിശേഷാൽ പൂജകൾ നടത്തും. തീർഥാടകർക്ക് വെർച്വൽ ക്യൂ വഴി ബുക്ക് ചെയ്ത് ദർശനത്തിനെത്താൻ സൗകര്യമുണ്ട്.

✪✪✪